## ഇ-മാലിന്യങ്ങളുടെ നിർമ്മാർജ്ജനം

**104 (T4139)** ശ്രീ. എ. കെ. ശശീന്ദ്രൻ :

ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യത്തിന് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വീടുകളിൽ ബ്രാൻഡഡ് അല്ലാത്ത ഉത്പന്നങ്ങളിൽ നിന്നുണ്ടാകുന്ന ഇ-മാലിന്യം ശേഖരിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്തെങ്കിലും സംവിധാനം ഒരുക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

അപൂർവ്വം ചില തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വീടുകളിൽനിന്നും പൊതു അജൈവമാലിന്യം ശേഖരിക്കുന്നതിന്റെ ഭാഗമായി ഇ-മാലിന്യവും ശേഖരിച്ചുവരുന്നുണ്ട്. സർക്കാർ ക്ലീൻകേരള കമ്പനി ലിമിറ്റഡ് മുഖേന സംസ്ഥാനത്തെ സർക്കാർ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, സർക്കാരിതര സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്ന് ഇ-മാലിന്യങ്ങൾ ശേഖരിച്ച് ശാസ്ത്രീയമായ പുനഃചംക്രമണം ഉറപ്പ് വരുത്തുന്നുണ്ട്.

## നഗരശുചീകരണത്തിനായുള്ള പുതിയ പദ്ധതികൾ

**105 (4140)** ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഗര ശുചീകരണം സംബന്ധിച്ച പുതിയ പദ്ധതികൾ എന്തെല്ലാമാണെന്ന് പറയാമോ; ഇവയിലേതെല്ലാം നടപ്പിലാക്കിയെന്നും ഏതെല്ലാം നഗരസഭകളെ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും പറയാമോ ?

(ബി) നഗരപരിസരങ്ങളും വ്യാപാര സമുച്ചയങ്ങളുടെ പരിസരങ്ങളും മാർക്കറ്റ് പരിസരങ്ങളും മാരകമായ പകർച്ചവ്യാധികൾക്ക് കാരണമാകാവുന്നവിധം മാലിന്യങ്ങൾ നിറഞ്ഞ് ജനജീവിതം ദുസ്സഹമായ അവസ്ഥയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത അവസ്ഥ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് എന്ന് പറയാമോ; ഇതിനുവേണ്ടി ഓരോ നഗരസഭയ്ക്കും അനുവദിച്ചിട്ടുള്ളതുക എത്രയാണെന്ന് പറയാമോ ;

(സി) നഗര പരിസരങ്ങളും വ്യാപാര സമുച്ചയങ്ങളുടെ പരിസരങ്ങളും മാർക്കറ്റ് പരിസരങ്ങളും ശുചീകരിക്കുന്നതിന് സർക്കാർ നിർദ്ദേശിച്ചിട്ടുള്ള പദ്ധതികൾ നടപ്പിലാക്കാത്ത നഗരസഭകൾക്കെതിരെ എന്ത് നടപടികളാണ് കൈക്കൊള്ളുന്നതെന്ന് പറയുമോ ?

---

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly